**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1366** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി വകുപ്പിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലുള്ള വീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകളും കെടുകാര്യസ്ഥതയും നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഫയലുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം, അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ച് നൽകൽ എന്നിവയ്ക്ക് വൻ തോതിൽ കൈക്കൂലി ചോദിച്ച് വാങ്ങുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇത്തരത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III പ്രകാരവുമാണ് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ